പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3510

18/02/2013-ൽ മറുപടിക്ക്

## ആശ്രയപദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ് | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് 'ആശ്രയ പദ്ധതി' എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്; വിശദാംശങ്ങൾ നൽകുമോ;<br><br>(ബി) പ്രസ്തുത പദ്ധതി പ്രദാനം ചെയ്യുന്ന മേന്മകൾ എന്തെല്ലാമാണ്; | (എ) & (ബി) സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷമാണ് ആശ്രയ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹികമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിയ്ക്കുന്ന പദ്ധതിയാണ് ''ആശ്രയ''. ഈ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യവികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു. പട്ടികവർഗ്ഗവിഭാഗക്കാർ അധികമുള്ള പഞ്ചായത്തുകളിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ആശ്രയ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| (സി) ആശ്രയ പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ സാധിച്ചുവോ; വിശദാംശങ്ങൾ നൽകുമോ; | (സി) ഇല്ല. 958 ഗ്രാമപഞ്ചായത്തുകളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നത്. 35 പഞ്ചായത്തുകളിൽ ഇനിയും നടപ്പിലാക്കാനുണ്ട്. ഈ പഞ്ചായത്തുകളിലും പദ്ധതി എത്രയും വേഗം നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ജില്ലാതല റിവ്യൂമീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പെടുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളിൽ 2 റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

(ഡി) പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പാക്കിയ പഞ്ചായത്തുകൾ എത്രത്തോളം വിജയം കൈവരിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

(ഡി) പരിശോധിച്ചിട്ടുണ്ട്. 2007-08 ൽ എം. എസ്. ഡബ്ല്യു അവസാനവർഷ വിദ്യാർത്ഥികളുടെ സഹായത്തോടെ നടത്തിയ പരിശോധനയിൽ ആശ്രയ പദ്ധതിയുടെ നിർവ്വഹണം ഫലപ്രദമാകണമെങ്കിൽ കുറെക്കൂടി കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കുകയും, അതിൻ പ്രകാരം 2010-ൽ പുതിയ മാർഗ്ഗരേഖ പുറത്തിറക്കുകയും ചെയ്തു. ഇതിൻപ്രകാരം ഭക്ഷണം ലഭ്യമാക്കുന്നതിനും, ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിന് കൂടുതൽ തുക ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്തുവാൻ കഴിയുന്നവ അവിടെ നിന്നുതന്നെ ചെലവഴിക്കുന്നതിനും ബാക്കിയുള്ളവയ്ക്ക് കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്ന് ചെലവഴിയ്ക്കുന്നതിനും നിർദ്ദേശം നൽകി. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള പദ്ധതികളുടെ കുറവ് നികത്തുന്നതിനായി, പ്രത്യേക പട്ടികവർഗ്ഗ ആശ്രയ പദ്ധതി രൂപീകരിച്ചു. നേരത്തെ ഉൾപ്പെടുത്തുവാൻ വിട്ടുപോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി രണ്ടാംഘട്ട ആശ്രയ പദ്ധതി ആരംഭിയ്ക്കുന്നതിനും 2012 ൽ സർക്കാർ ഉത്തരവ് നൽകി. ഇതു കൂടാതെ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിലയിരുത്തൽ സമിതിയുടെ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായിരിയ്ക്കും ഉപസമിതിയുടെ അദ്ധ്യക്ഷൻ. കൂടാതെ ജില്ലാ ആസൂത്രണ സമിതിയുടെ കീഴിൽ ഡി.പി.സി ചെയർപേഴ്സണും, ജില്ലാകളക്ടർ കൺവീനറുമായ ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതി വിലയിരുത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ